ആരാധനാലയങ്ങളിലെ മോഷണങ്ങൾ

55. [55] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര ദേവാലയ മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിൽ അമ്പലം ക്രിസ്ത്യൻപള്ളി, മുസ്ലീം പള്ളി, എന്നിവ വേർതിരിച്ച് വ്യക്തമാക്കുമോ; ഓരോ ഇനത്തിലുമായി എത്ര ലക്ഷം രൂപയുടെ മോഷണം നടന്നിട്ടുണ്ട്.

(സി) ഇതിൽ ഏതെല്ലാം ദേവാലയങ്ങളിലെ വിഗ്രഹങ്ങളാണ് മോഷണം പോയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ അന്വേഷണത്തെത്തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ വിഗ്രഹങ്ങളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 63 ദേവാലയങ്ങൾ വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(ഡി) 36 ദേവാലയങ്ങൾ വിശദവിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

വാഹന മോഷണങ്ങൾ

56. [56] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര വാഹന മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അന്വേഷണത്തെത്തുടർന്ന് എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തിരുവനന്തപുരം ജില്ലയിൽനിന്നും എത്ര വാഹനങ്ങൾ മോഷണം പോയിട്ടുണ്ട്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് 8452 വാഹന മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് 8424 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അന്വേഷണത്തെത്തുടർന്ന് 2860 വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 2005 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും 293 വാഹനങ്ങൾ മോഷണം പോയിട്ടുണ്ട്.

പോലീസ് സേനയുടെ പ്രതിച്ഛായ

57. [57] ശ്രീ. കെ. സി. ജോസഫ്:

" ലൂഡി ലൂയിസ്:

" പ്രയാർ ഗോപാലകൃഷ്ണൻ:

" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രതിച്ഛായ വീണ്ടെടുക്കാൻ എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു;

(ബി) പോലീസ് സേനക്ക് അന്വേഷണത്തിനും ചോദ്യം ചെയ്യലിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കാനുദ്ദേശമുണ്ടോ;

(സി) പോലീസുകാരുടെ സ്വഭാവ മഹിമ നിലനിർത്തുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പോലീസിന്റെ കാര്യക്ഷമതയും പൊതുജനങ്ങളോടുള്ള പെരുമാറ്റ രീതികളും കൂടുതൽ നല്ലതാക്കാൻ നടപടികൾ എടുത്തുവരുന്നു.

(ബി) അന്വേഷണത്തിനും ചോദ്യം ചെയ്യലിനും പോലീസ് സേനയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) മെച്ചപ്പെട്ട ആദ്യകാല പരിശീലനവും തുടർ പരിശീലനവും പോലീസുകാരുടെ സ്വഭാവമഹിമനിലനിർത്തുവാൻ ലക്ഷ്യമാക്കി നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly